വിശദമാക്കി, ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സഹിതം നിശ്ചിത സമയപരിധിക്കുള്ളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(ഇ) സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 115 ഷോപ്പുകൾ മാറ്റി സ്ഥാപിക്കാനുണ്ട്.

(എഫ്) കോടതി ഉത്തരവിന്മേൽ തുടർ നടപടികൾ എടുത്തുവരികയാണ്.

പുനർജനി പദ്ധതി

87 (88) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകളും, ബിവറേജസ് ഔട്ട്ലെറ്റുകളും അടച്ചുപൂട്ടിയതുവഴി സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ടവർ എത്രയാണെന്നതിന്റെ കണക്കുകൾ എക്സൈസ് വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) എത്ര പേരെ പുനരധിവസിപ്പിക്കുകയുണ്ടായിട്ടുണ്ട് ; തൊഴിൽ നഷ്ടപ്പെട്ട കാലയളവിൽ സർക്കാർ നൽകിയ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദീകരിക്കുമോ ;

(സി) തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 'പുനർജനി' പദ്ധതിക്ക് അന്തിമരൂപം ആയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബാറുകൾ അടച്ചുപൂട്ടിയതുമൂലം ആകെ 7110 രജിസ്റ്റേർഡ് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഓണത്തോട് അനുബന്ധിച്ച് അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലും, എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ 5000 രൂപ വീതം സാമ്പത്തിക സഹായം നൽകുകയുണ്ടായി.

(സി) "പുനർജനി" പദ്ധതിക്ക് അന്തിമ രൂപം ആയിട്ടില്ല. പദ്ധതി രൂപകൽപ്പന ചെയ്യുന്നതിന് എക്സൈസ് കമ്മീഷണർ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly